എഴുതിത്തള്ളേണ്ടതും ശേഷിക്കുന്ന തുകയുണ്ടെങ്കിൽ അത് വായ്പക്കാരന്റെ ബാധ്യതയുമായിരിക്കും. സംഘങ്ങളുടെ സ്വന്തം ഫണ്ടിൽ നിന്നും നൽകിയിട്ടുള്ള 25,000 രൂപയ്ക്ക് മുകളിലുള്ളതും കുടിശ്ശികയായിട്ടുള്ളതുമായ വായ്പകളിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ ഭാഗമായി മുതൽ ഭാഗം 25,000 രൂപ വരെ എഴുതിത്തള്ളേണ്ടതും പ്രസ്തുത ബാധ്യത സർക്കാർ വഹിക്കേണ്ടതുമാണ്. ഇതിനു മുകളിൽ വരുന്ന പലിശ, പിഴ പലിശ, മറ്റുചെലവുകൾ എന്നിവ അതാത് സ്ഥാപനങ്ങൾ എഴുതിത്തള്ളേണ്ടതും ശേഷിക്കുന്ന തുക വായ്പക്കാരന്റെ ബാധ്യതയുമായിരിക്കും. എന്നാൽ സംഘങ്ങൾ മറ്റു ധനകാര്യ സ്ഥാപനങ്ങളുടെ ഫണ്ട് ഉപയോഗിച്ച് വിതരണം ചെയ്ത 25,000 രൂപയ്ക്ക് മുകളിലുള്ള വായ്പകളിൽ മുതലും, സ്ഥാപനങ്ങൾ മറ്റ് ധനകാര്യ സ്ഥാപനങ്ങൾക്ക് നൽകാനുള്ള പലിശയും ഉൾപ്പെടെ 25,000 രൂപ വരെ സർക്കാർ വഹിക്കുന്നതും ഇതിനു മുകളിൽ വരുന്ന പിഴപലിശ, മറ്റു ചെലവുകൾ, ധനകാര്യ സ്ഥാപനത്തിനു നൽകേണ്ട പലിശയിൽ കുടുതലായി സ്ഥാപനം ഈടാക്കിയിട്ടുള്ള പലിശ എന്നിവ അതാത് സ്ഥാപനങ്ങൾ എഴുതിത്തള്ളേണ്ടതും ശേഷിക്കുന്ന തുക വായ്പക്കാരന്റെ ബാധ്യതയുമായിരിക്കും.

(ബി&സി) ഇല്ല.

സഹകരണ സംഘങ്ങൾ അമിത പലിശ ഈടാക്കുന്നതിനെതിരെ നടപടി

10 (973) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങളും ബാങ്കുകളും സഹകരണ വകുപ്പ് പുറത്തിറക്കിയിട്ടുള്ള ഉത്തരവുകൾക്ക് വിരുദ്ധമായി ഡെപ്പോസിറ്റുകൾക്കും ലോണുകൾക്കും അമിത പലിശ നൽകുകയും ഈടാക്കുകയും ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) ഉത്തരവുകൾക്ക് വിരുദ്ധമായി പ്രവർത്തിച്ചിട്ടുള്ള എത്ര സഹകരണ സംഘങ്ങൾക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ഡി) അമിതമായി ഈടാക്കിയ പലിശ ഗുണഭോക്താവിന് തിരിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ എല്ലാ വായ്പാ സഹകരണ സംഘങ്ങളിലും/ ബാങ്കുകളിലും വായ്പകൾക്കും നിക്ഷേപങ്ങൾക്കും ഈടാക്കാവുന്നതും നൽകാവുന്നതുമായ പലിശ നിരക്കുകൾ സഹകരണ സംഘം രജിസ്ട്രാർ കാലാകാലങ്ങളിൽ നിർണ്ണയിച്ച് ഉത്തരവ് പുറപ്പെടുവിക്കാറുണ്ട്. കൂടാതെ സഹകരണ സംഘം രജിസ്ട്രാറുടെ 51/10 നമ്പർ സർക്കുലർ പ്രകാരം അധികം

LIBRARY ARCHIVES Kerala Legislative Assembly

ഈടാക്കിയ പലിശ സംഘത്തിന്റെ ചീഫ് എക്സിക്യൂട്ടീവിൽ നിന്നും ഈടാക്കേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ സഹകരണ സംഘം രജിസ്ട്രാറുടെ 13-11-2010-ലെ കത്ത് പ്രകാരം സഹകരണ സംഘം രജിസ്ട്രാർ നിർണ്ണയിച്ച് നൽകുന്നതിൽ കൂടുതൽ പലിശ നിക്ഷേപങ്ങൾക്കും വായ്പകൾക്കും നൽകിയിട്ടില്ലെന്നും/ഈടാക്കുന്നില്ലെന്നും ഉറപ്പാക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് ഉറപ്പാക്കുന്നതിനായി സംസ്ഥാനമൊട്ടാകെയുള്ള സംഘങ്ങളിൽ പരിശോധന നടത്തി വരുന്നു.

(സി) സംസ്ഥാനമൊട്ടാകെ 413 സംഘങ്ങളിൽ നിക്ഷേപങ്ങൾക്ക് അധിക പലിശ നൽകുന്നതായും, വായ്പകൾക്ക് അധിക പലിശ ഈടാക്കുന്നതായും പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘം രജിസ്ട്രാറുടെ 51/10 നമ്പർ സർക്കുലർ പ്രകാരം അധിക പലിശ നൽകിയ തുക സംഘത്തിന്റെ ചീഫ് എക്സിക്യൂട്ടീവിൽ നിന്നും ഈടാക്കുന്നതിനും വായ്പകൾക്ക് അധികം ഈടാക്കിയ പലിശ വായ്പക്കാരന് തിരികെ നൽകുകയോ, വായ്പ കണക്കിൽ ക്രമപ്പെടുത്തി കൊടുക്കുകയോ ചെയ്യുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) അമിതമായി നിക്ഷേപങ്ങൾക്കും, വായ്പകൾക്കും, നൽകിയതും ഈടാക്കിയതുമായ പലിശ സംഘത്തിന്റെ ചീഫ് എക്സിക്യൂട്ടീവിൽ നിന്നും ഈടാക്കുന്നതിന് ബന്ധപ്പെട്ട സംഘങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വായ്പകളിന്മേൽ അധികമായി ഈടാക്കിയ പലിശ ഗുണഭോക്താക്കൾക്ക് തിരികെ നൽകുന്നതിനോ, വായ്പാക്കാരന്റെ പേരിൽ നിലവിലുള്ള മറ്റ് വായ്പാ അക്കൗണ്ടുകളിലേക്ക്, വരവു വയ്ക്കുന്നതിനോ ജോയിന്റ് രജിസ്ട്രാർമാർ നിർദ്ദേശം നൽകിയിട്ടുണ്ട്. നിർദ്ദേശം പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ ജോയിന്റ് രജിസ്ട്രാർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സഹകരണ ബാങ്ക്, സംഘങ്ങൾ എന്നിവയിലെ നിക്ഷേപങ്ങളുടെ പലിശ നിരക്ക്

11 (974) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ ബാങ്ക്, സംഘങ്ങൾ എന്നിവയിലെ നിക്ഷേപങ്ങളുടെ പലിശനിരക്ക് എത്രയാണെന്ന് വ്യക്തമാക്കുമോ :

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണ മേഖലയിൽ നിക്ഷേപങ്ങളും വായ്പകളും എത്ര വർദ്ധിച്ചുവെന്ന് വ്യക്തമാക്കുമോ :

(സി) ഈ സർക്കാരിന്റെ കാലയളവിൽ സഹകരണ മേഖലയ്ക്ക് ഓരോ വർഷവും നബാർഡിൽ നിന്ന് എത്ര രൂപയുടെ സഹായം ലഭിച്ചിട്ടുണ്ട് ?

ഉത്തരം

(എ) കേരള സംസ്ഥാന സഹകരണ ബാങ്കും, സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളും, പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളും/ബാങ്കുകളും, സർവ്വീസ് സഹകരണ ബാങ്കുകളും സ്വീകരിക്കുന്ന സ്ഥിര നിക്ഷേപങ്ങൾക്ക് നൽകാവുന്ന പരമാവധി പലിശ നിരക്കുകൾ ശതമാന കണക്കിൽ ചുവടെ പറയുന്നു:

LIBRARY ARCHIVES Kerala Legislative Assembly